# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370


## വാർത്താക്കുറിപ്പ്

**2024 മാർച്ച് 24**

---

## ഓൺലൈൻ എം.ബി.എ; 31 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റെഗുലർ പ്രോഗ്രാമിനു തുല്യമായി യു.ജി. സി അംഗീകരിച്ച ഓൺലൈൻ എം.ബി.എയുടെ ആദ്യ ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി മാർച്ച് 31 ന് അവസാനിക്കും.

മഹാത്മാ ഗാന്ധി സർവകലാശാലയിൽനിന്ന് അല്ലെങ്കിൽ സവർവകലാശാലാ അംഗീകരിക്കുന്ന മറ്റ് സർവകലാശാലകളിൽനിന്ന് ഏതെങ്കിലും വിഷയത്തിൽ അൻപതു ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദമോ അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം.

പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾ ബിരുദ പരീക്ഷ വിജയിച്ചാൽ മതിയാകും. പ്രത്യേക പ്രവേശന പരീക്ഷ ഉണ്ടാവില്ല. രണ്ടു വർഷത്തെ പഠനകാലത്ത് ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശാലയിൽ എത്തേണ്ടതില്ല എന്നതാണ് പ്രധാന സവിശേഷത.

ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ്, ഫിനാൻസ്, മാർക്കറ്റിംഗ് എന്നീ ഐച്ഛിക (ഇലക്ടീവ്സ്) വിഷയങ്ങളിൽ ഏതെങ്കിലും തിരഞ്ഞെടുക്കാം. വിദ്യാർഥികളുടെ സൗകര്യവും താത്പര്യവുമനുസരിച്ച് പഠിക്കാൻ കഴിയുന്ന പ്രോഗ്രാമിന് പ്രായപരിധി ഇല്ല. ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും അവസരമുണ്ട്.

സംസ്ഥാനത്ത് റെഗുലർ പ്രോഗ്രാമിനു തുല്യമായ ഓൺലൈൻ പി.ജി പ്രോഗ്രാമുകൾക്ക് അനുമതി ലഭിച്ചിട്ടുള്ളത് എം.ജി. സർവകലാശാലയ്ക്കു മാത്രമാണ്.ഓൺലൈൻ എം.ബി.എ കോഴ്സിന് എ.ഐ.സി.ടി.ഇയുടെ അംഗീകാരവുമുണ്ട്.

വിശദ വിവരങ്ങൾ അറിയുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും സർവകശാലാ വെബ്സൈറ്റ് (www.mgu.ac.in) അല്ലെങ്കിൽ https://cdoeadmission.mgu.ac.in/ എന്ന ലിങ്ക് പരിശോധിക്കാം. ഫോൺ- 0481-2733293,

8547992325. ഇമെയിൽ– mguonline@mgu.ac.in.

(പി.ആർ.ഒ/39/282/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**